# ഔദാര്യം വാങ്ങുകയല്ല അവകാശങ്ങൾ നേടുകയാണ് വേണ്ടത്

ചിത്ര. എം.ആർ

**2019ലെ** പ്രളയത്തിന് ശേഷം രണ്ടാമത്തെ വേദിയിലാണ് ആദിവാസി സഹോദരങ്ങളുമായി ഞാൻ സംസാരിക്കുന്നത്. രണ്ട് വേദിയിലും എനിക്ക് പറയാനുള്ളത് ഒരേകാര്യമാണ്. ഒന്നാമതായി ഈ കൂട്ടായ്മയിൽ എനിക്ക് വലിയ സന്തോഷമുണ്ട് എന്നതാണ്. രണ്ടാമതായി എനിക്ക് വ്യക്തിപരമായി വലിയ സന്തോഷമില്ല എന്നതാണ്. 'പുനരധിവാസവും അവകാശങ്ങളും' എന്നതാണല്ലോ നമ്മൾ ഇവിടെ ചർച്ച ചെയ്യുന്ന വിഷയം. ആദിവാസികളെ സംബന്ധിച്ച് പുനരധിവാസം എന്നത് പ്രളയം വരുമ്പോൾ മാത്രമുള്ള കാര്യമല്ല. പല തരത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കുമായി മാറ്റിപ്പാർപ്പിക്കപ്പെട്ടവരാണ് നമ്മൾ. പ്രളയത്തിൽ മാത്രമല്ല ആദിവാസി മാറിത്താമസിക്കേണ്ടി വരുന്നത് എന്നതാണ് സത്യം. രണ്ടായിരത്തിപ്പതിനെട്ടിലെയും പത്തൊമ്പതിലെയും മഴക്കാലത്തെ നമ്മൾ എങ്ങനെയാണ് കണ്ടതെന്ന് എല്ലാവർക്കും ഓർമ്മയുണ്ട്. പണ്ട് മഴ വരുമ്പോൾ കാടും പുഴയും നിറയുന്നത് ആസ്വദിച്ചിരുന്നവരാണ് നമ്മൾ. പക്ഷെ ഇന്ന് മഴക്കാലത്തെ നമുക്ക് പേടിയാണ്. പണ്ട് മഴ വരുമ്പോൾ പുറത്തുണക്കാനിട്ട തുണിയെടുത്ത് ഉള്ളിലിടുകയും വിറക് പെറുക്കിവയ്ക്കുകയും മാത്രമാണ് നമ്മൾ ചെയ്തിരുന്നത്. പക്ഷെ ഇപ്പോൾ ജീവനുംകൊണ്ട് ഓടേണ്ട അവസ്ഥയിലാണ് നമ്മളുള്ളത്.

വലിയ ഉരുൾപൊട്ടലുണ്ടായ കവളപ്പാറ എന്റെ പഞ്ചായത്തിലാണ്. അവിടെ മരണപ്പെട്ട 59 പേരിൽ 29 പേരും എന്റെ ഉറ്റ സുഹത്തുക്കളായിരുന്നു. 29 ആദിവാസികൾ. ഫോണിലും അല്ലാതെയും ദിവസവും ബന്ധപ്പെടുന്നവർ. എന്തുചെയ്തിട്ടാണ് അവർക്ക് അവരുടെ ജീവൻ നഷ്ടമാതെന്ന് നമ്മൾ ആലോചിച്ചിട്ടുണ്ടോ? എങ്ങനെയാണ് അവിടെ ഉരുൾപൊട്ടലുണ്ടായത്? എങ്ങനെയാണ് പുഴയിൽ വെള്ളം നിറഞ്ഞത്? ഞങ്ങളുടെ നാട്ടിൽ ഒട്ടുമിക്ക ആദിവാസികളും താമസിക്കുന്നത് പുഴത്തീരത്താണ്. പുഴയിൽ വെള്ളം കയറി എന്ന കാരണത്താൽ അവർക്ക് മുമ്പൊരിക്കലും അവിടെ നിന്നും മാറിത്താമസിക്കേണ്ടി വന്നിട്ടില്ല. എന്നാൽ ഈ വർഷം എട്ട് ഊരുകളിലുള്ള ആളുകൾക്കാണ് അവർ താമസിക്കുന്നിടത്ത് നിന്നും മാറിപ്പോകേണ്ടി വന്നത്. പുഴയിൽ വെള്ളം കയറിയതുകൊണ്ട് അവർ കാട്ടിനുള്ളിലേക്ക് ഓടിപ്പോവുകയായിരുന്നു. അങ്ങനെ ആരും സഹായത്തിനെത്താതെ അഞ്ച് ദിവസങ്ങളോളം പെരുമഴയത്ത് അവർ പട്ടിണി കിടന്നു. അധികൃതരെ കുറ്റപ്പെടുത്താൻ കഴിയില്ല. പുഴ കടന്ന് പോകാൻ വലിയ പ്രയാസമായിരുന്നു. ഇതനുഭവിക്കാൻ എന്തു തെറ്റാണ് ആദിവാസികൾ ഈ ലോകത്തോട് ചെയ്തതെന്ന് നമ്മൾ ഉള്ളിൽത്തട്ടി ചോദിക്കണം. നമ്മൾ മൃഗങ്ങളെ വേട്ടയാടിയിട്ടില്ല, മരങ്ങൾ മുറിച്ചില്ല, വലിയ കെട്ടിടങ്ങളുണ്ടാക്കിയില്ല, ഖനനം നടത്തിയില്ല. ആദിവാസികൾ ആകെ കുഴിച്ചെടുത്തിട്ടുള്ളത് ഒരുനേരത്തെ ഭക്ഷണത്തിന് വേണ്ടിയുള്ള കിഴങ്ങ് മാത്രമായിരിക്കും. അല്ലാതെ നമ്മൾ ക്വാറികളൊന്നുമുണ്ടാക്കിയിട്ടില്ല. പക്ഷെ എന്റെ നാട്ടിൽ, എന്റെ ഉറ്റ സുഹൃത്തുക്കളായ 29 പേരാണ് കേരളത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ബലിയാടാക്കപ്പെട്ടത്.

എന്താണ് ഈ പുനരധിവാസം? എന്തിനാണ് പുനരധിവാസം എന്ന് നമ്മൾ നമ്മളോട് തന്നെ ചോദിക്കണം. നമ്മുടെ പുനരധിവാസം എന്ന് പറയുന്നത് ആദിവാസികളെ ഫ്ളാറ്റിലോ, അഞ്ച് സെന്റ് ഭൂമിയിലോ ഒതുക്കുക എന്നതാകരുത്. 2018ലും നിലമ്പൂരിൽ ആദിവാസികളുടെ 34 വീടുകളാണ് തകർന്നത്. 2019ലെ പ്രളയത്തിന് ശേഷമാണ് അവരിൽ പലർക്കും ഭൂമി കിട്ടിയത്. ഈ വർഷം മഴ പെയ്തപ്പോൾ 2018ൽ വീടു നഷ്ടപ്പെട്ടവർ കാട്ടിനുള്ളിൽ പ്ലാസ്റ്റിക്ഷീറ്റ് കെട്ടിയാണ് താമസിച്ചത്. അതാണ് ആദിവാസികളുടെ അവസ്ഥ. നമ്മൾ പഴയകാലത്തല്ല ജീവിക്കുന്നത് എന്നോർക്കണം. അവർ പറയുകയും നമ്മൾ അനുസരിക്കുകയും ചെയ്യുന്ന കാലമുണ്ടായിരുന്നു. 2019ന് ശേഷം അതുവേണ്ട എന്ന് നമ്മൾ പറയണം. നമ്മൾ പറയുകയും അവർ അനുസരിക്കുകയും ചെയ്യുന്ന രീതിയിലേക്ക് എന്ന് കാര്യങ്ങൾ വരുന്നോ അന്നേ നമ്മുടെ അവസ്ഥയ്ക്ക് മാറ്റമുണ്ടാകൂ. ആരെങ്കിലും വിതരണം ചെയ്യുന്നത് കയ്യും നീട്ടി വാങ്ങുകയാണ് നമ്മൾ ചെയ്യുന്നത്. വിദ്യാസമ്പന്നരായ ആദിവാസി സുഹൃത്തുക്കൾ പോലും പലപ്പോഴും ഒരക്ഷരം പറഞ്ഞിട്ടില്ല. എന്താണ് തരുന്നതെന്ന് നോക്കാതെയാണ് പലരും പട്ടയവും ഫ്ളാറ്റുമെല്ലാം വാങ്ങുന്നത്. എന്താണ് ഈ ഫ്ളാറ്റ്? ഫ്ളാറ്റ് എന്ന് പറയുന്നത് ഒരു കുടുംബത്തിന് ജീവിക്കാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ സ്ഥലത്തെയാണ് പറയുന്നത്. ആദിവാസികൾക്കായി കൽപ്പറ്റയിലും നിലമ്പൂരിലും പണിത ഫ്ളാറ്റുകൾ സന്ദർശിച്ചാൽ അറിയാൻ കഴിയും എന്താണ് ആ ഫ്ളാറ്റുകളുടെ അവസ്ഥയെന്ന്. ഫ്ളാറ്റ് എന്ന് പറയുന്നത് 460 സ്ക്വയർ ഫീറ്റ് വീടല്ല. ഒരു കട്ടിലുപോലും ഇടാൻ കഴിയാത്ത ഫ്ളാറ്റുകളാണ് ആദിവാസികൾക്ക് തന്നിരിക്കുന്നത്. നമുക്കറിയാം മിക്ക ആദിവാസി കുടുംബങ്ങളിലും 10 പേരെങ്കിലും അംഗങ്ങളായുണ്ടാകും. എങ്ങനെയാണ് അത്രയും പേർ ഇതുപോലെ ഒരു ഫ്ളാറ്റിൽ താമസിക്കുന്നത്? മര്യാദയ്ക്ക് ഒരടുക്കള പോലും അവിടെയില്ല. പി.വി. അൻവർ എം.എൽ.എയും ആര്യാടൻ ഷൗക്കത്തും ആര്യാടൻ മുഹമ്മദും അബ്ദുൾ വഹാബ് എം.പി എല്ലാ താമസിക്കുന്നതിനടുത്ത് തന്നെയാണ് നിലമ്പൂരിൽ ആദിവാസികളുടെ ഫ്ളാറ്റുമുള്ളത്. ഫ്ളാറ്റിന്റെ മതിലുകടന്നുവന്ന് എന്താണ് അവിടുത്തെ അവസ്ഥ എന്ന് അവരാരും നോക്കിയിട്ടില്ല. കഴിഞ്ഞ ഓണത്തിന് ആദിവാസി ഊരിൽ ഓണസദ്യ നൽകാൻ ആഗ്രഹമുണ്ടെന്ന് പറഞ്ഞ് കുറച്ചുപേർ വന്നപ്പോൾ ഞാൻ അവരെ

ഈ ഫ്ളാറ്റിലേക്കാണ് കൊണ്ടുപോയത്. ഫ്ളാറ്റ് കിട്ടിയ ആദിവാസികളുടെ അവസ്ഥ പൊതുസമൂഹം അറിയട്ടെ എന്ന് കരുതി. ഫ്ളാറ്റിന്റെ പുറത്ത് വച്ചാണ് അന്ന് ഓണസദ്യ വിളമ്പിയത്. മോശപ്പെട്ട ജീവിതാവസ്ഥ കാരണം പല ആദിവാസികൾക്കും അന്ന് ഫ്ളാറ്റിൽ പുറത്തിറങ്ങിവരാൻ നാണിക്കുന്ന അവസ്ഥയുണ്ടായി. അവരുടെ കുറ്റമല്ല. സൗകര്യമില്ലാത്ത ഒരു ഫ്ളാറ്റ് പണിത് നൽകി, ചുറ്റുമതിലും കെട്ടി അവരെ അതിനുള്ളിൽ പാർപ്പിച്ചതാണ്. അവർ എങ്ങനെ ജീവിക്കുന്നു എന്ന് പിന്നീട് ആരും തിരിഞ്ഞുനോക്കിയിട്ടില്ല. പല ദിവസവും അവർ പട്ടിണി കിടക്കുകയായിരുന്നു. 35 കിലോ അരി കൊടുക്കുന്നുണ്ട്. പക്ഷെ അതിന്റെ കൂടെ കടിക്കാൻ ഒരു മുളകുംതൈ നടാനുള്ള സ്ഥലം പോലുമുള്ള മണ്ണ് ഫ്ളാറ്റിലില്ല. ഇതാണോ ആദിവാസികൾക്ക് സർക്കാർ നൽകുന്ന വികസനം. ഇതാണ് നാലും അഞ്ചും സെന്റ് ഭൂമി തന്നിട്ട് നാല് ലക്ഷത്തിന്റെ വീടുവച്ചുകൊടുക്കുന്ന എല്ലാ സ്ഥലത്തും നടക്കുന്നത്. ഇതാണോ പുനരധിവാസം എന്ന് നമ്മൾ ചിന്തിക്കണം.

ആദിവാസികളുടെ പുനരധിവാസത്തിനായി 10 കോടി അനുവദിച്ചതായി പത്രത്തിൽ വാർത്ത കണ്ടു. എന്തിനാണ് ഈ 10 കോടി. വനാവകാശ നിയമം എന്ന നിയമത്തെക്കുറിച്ച് എത്ര ആദിവാസികൾക്കറിയാം. നമ്മൾ ഉപയോഗിക്കുന്ന അത്രയും വനഭൂമി നമുക്ക് ടൈറ്റിലായി കിട്ടും എന്ന നിയമം 2006ൽ നിലവിൽ വന്നതാണ്. പിന്നെ എന്തിനാണ് നാലും അഞ്ചും സെന്റ് ഭൂമി കൈയുംനീട്ടി വാങ്ങുന്നത്. ഇത് നമ്മൾ വാങ്ങുന്നിടത്തോളം കാലം പുനരധിവാസത്തിന്റെ പേരിൽ പാലവും റോഡുമെല്ലാം നന്നായി പണിയും ആദിവാസി ഇതുപോലെ തന്നെ കിടക്കും. ഇനിയെങ്കിലും ഏറ്റവും കുറഞ്ഞ ഭൂമിയായി നമ്മൾ വാങ്ങേണ്ടത് ഒരേക്കറായിരിക്കണം. വനാവകാശനിയമ പ്രകാരം 10 ഏക്കർ വരെ ഭൂമി കിട്ടും. ഈ അവകാശങ്ങൾ കിടക്കുമ്പോൾ ഔദാര്യം പോലെ തരുന്ന ഭൂമി നമ്മൾ വാങ്ങേണ്ട ആവശ്യമില്ല. ഇല്ലെങ്കിൽ ഭൂമി വേണ്ട എന്ന് പറയണം. ഭരണഘടനയിൽ പറയുന്ന അന്തസ്സോടെയും അഭിമാനത്തോടെയും ജീവിക്കാനുള്ള അവസരം ആദിവാസികൾക്ക് നൽകണം.

അതുപോലെ പെസ എന്നൊരു നിയമമുണ്ട്. ആ നിയമത്തിലൂടെ സ്വയംഭരണം നമുക്ക് നമ്മുടെ കൈയിൽ കിട്ടുകയാണ്. പഞ്ചായത്തീരാജ് നിയമത്തിലൂടെ പഞ്ചായത്തുകളും ബ്ലോക്കുകളും വന്നതുപോലെ ആദിവാസി മേഖലയിൽ പെസ നിയമപ്രകാരം നമ്മുടെ പഞ്ചായത്തുകൾ വരും. പഞ്ചായത്തിന്റെ ഭരണം നമ്മുടെ കൈയിൽ വന്നാൽ എങ്ങനെയുണ്ടാകും. എല്ലാ ചൂഷണങ്ങളും തടയാൻ കഴിയും. വനാവകാശ നിയമപ്രകാരം 2017 ജനുവരി 30 വരെയുള്ള കണക്ക് പ്രകാര 17,83,262 അവകാശങ്ങൾ അംഗീകരിച്ചതായാണ് കണക്ക്. എന്നാൽ 1996ൽ നിലവിൽ വന്ന പെസ നിയമത്തെക്കുറിച്ച് ആരും എവിടെയും ഒന്നും പറയുന്നില്ല. അഞ്ച് ജില്ലകളിലായി 445 ഊരുകളിൽ പെസ നടപ്പാക്കുമെന്ന് പ്രഖ്യാപനമുണ്ടായിരുന്നു. ഒരു ഊരിൽപ്പോലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത്? നമ്മുടെ കൈയിൽ അധികാരം വന്നാൽ പിന്നെ ഇതുപോലെയുള്ള തട്ടിപ്പുകളൊന്നും കാണിക്കാൻ കഴിയില്ല എന്നതുതന്നെയാണ് കാരണം. ആദിവാസികൾ ശാക്തീകരിക്കപ്പെടും എന്നറിയാവുന്നതുകൊണ്ടാണ് പെസയെക്കുറിച്ച് കേരളത്തിലെ ഒരു രാഷ്ട്രീയക്കാരും സംസാരിക്കാത്തത്. പെസ നടപ്പിലാക്കുമെന്ന് പറഞ്ഞ് കേന്ദ്രവും സംസ്ഥാനവും പേപ്പറുകൾ അങ്ങോട്ടുമിങ്ങോട്ടും നീക്കുന്നത് മാത്രമാണ് ആകെ നടക്കുന്നത്. അതുപോലെ 2003ൽ സുപ്രീംകോടതി ആദിവാസികൾക്ക് നൽകുന്നതിനായി വിധിച്ച ഭൂമി നമ്മുടെ പ്രദേശത്തുണ്ട്. ഞങ്ങളുടെ മലപ്പുറം ജില്ലയിൽ 700 ഏക്കർ ഭൂമിയുണ്ട്. അത് അവിടെ വെറുതേ കിടക്കുകയാണ്. ഇതെല്ലാം ഉള്ളപ്പോഴാണ് നമ്മളെ നാല് സെന്റിലേക്കും അഞ്ച് സെന്റിലേക്കും മാറ്റിപ്പാർപ്പിക്കാൻ സർക്കാർ ശ്രമിക്കുന്നത്. ഇത്രയും ഭൂമിയിവിടെയുണ്ടായിട്ടും ആദിവാസികളെ പുനരധിവസിപ്പിക്കാനെന്ന പേരിൽ കോടികൾ മുടക്കി ഇനിയും ഭൂമി വാങ്ങുന്നതിന് പിന്നിൽ വേറെ ലക്ഷ്യങ്ങളുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഈ പ്രളയത്തിൽ നിലമ്പൂരിലെ ഏതാണ്ട് 2000 ആദിവാസി കുടുംബങ്ങൾക്കെങ്കിലും സഹായങ്ങളെത്തിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിരുന്നു. സഹായങ്ങളെല്ലാം വാങ്ങുമ്പോൾ നമ്മുടെ ആളുകൾക്ക് വലിയ സന്തോഷമാണ്. അടുത്ത വർഷവും ഇതുപോലെ കിട്ടിയിരുന്നെങ്കിൽ എന്നാണ് പലരുടെയും ചിന്ത. എത്രകാലം ഇങ്ങനെ വാങ്ങാൻ കഴിയും? എത്രകാലം ഇങ്ങനെ സഹായിക്കാൻ കഴിയും? അടുത്തവർഷം കേരളത്തിലെ 14 ജില്ലകളിലും പ്രളയം വന്നാൽ എന്തുചെയ്യും? ആര് ആരെ സഹായിക്കും? ചില മേഖലകളിലെങ്കിലും പ്രളയം വരാത്തതുകൊണ്ടാണ് അവർക്ക് മറ്റ് സ്ഥലത്തുള്ളവരെ സഹായിക്കാൻ കഴിയുന്നത്. അതുകൊണ്ട് നിങ്ങളോർക്കണം ഇന്ന് കിട്ടുന്ന സഹായങ്ങളെല്ലാം താത്കാലികമാണ്. ആ സഹായങ്ങൾ വാങ്ങാൻ മാത്രമല്ല നമ്മൾ ശ്രമിക്കേണ്ടത്. പ്രളയം ഇതുപോലെ വരാതിരിക്കാൻ നമുക്കെന്ത് ചെയ്യാൻ കഴിയും എന്നാലോചിക്കണം. ഉരുൾപൊട്ടലെങ്ങനെ തടയാം എന്നാലോചിക്കണം. ഞാൻ കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട ആളായതുകൊണ്ട് എനിക്കറിയാം. പണ്ടെല്ലാം ഞങ്ങൾ കാട്ടിൽ പോകുമ്പോൾ പുഴയിലേക്ക് വരുന്ന ഒരുപാട് അരുവികൾ അവിടെ കാണാമായിരുന്നു. ഇപ്പോൾ അതൊന്നും കാണാനില്ല. വെള്ളത്തിന് ഒഴുകിപ്പോകാൻ സ്ഥലമില്ല. പിന്നെങ്ങനെ ഉരുളുപൊട്ടാതിരിക്കും. മരടിലെ ഫ്ളാറ്റ് പോലെ നിയമവിരുദ്ധമായി ഫ്ളാറ്റ് പണിയാൻ വേണ്ടി എത്രയോ സ്ഥലങ്ങൾ പാറപൊട്ടിച്ചും മണ്ണെടുത്തും നശിപ്പിച്ചിട്ടുണ്ടാകും. ആ സ്ഥലത്തൊക്കെ ഉരുളുപൊട്ടിയിട്ടുണ്ടോ എന്ന് ആരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ. രാഷ്ട്രീയക്കാർക്ക് വോട്ടു മാത്രം മതി. വോട്ടിന് വേണ്ടി മരടിലെ കുടുംബങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുകയാണവർ. ആദിവാസികൾ മരിക്കുന്നതോ മാറിത്താമസിക്കുന്നതോ അവർ അറിയാൻ വഴിയില്ല. ആദിവാസികളെ മനുഷ്യരായി കണ്ടിട്ടില്ല. അതാണ് പ്രശ്നം. കൂട്ടത്തോടെ ആദിവാസികൾ മരിക്കുന്ന അവസ്ഥയാണ് ഈ വർഷമുണ്ടായത്. ജീവിതം വഴിമുട്ടിയവർ അതിലേറെയാണ്. ഇനിയൊരിക്കലും ആദിവാസികൾക്ക് ഇങ്ങനെയൊരവസ്ഥയുണ്ടാകരുത്. കൈനീട്ടി വാങ്ങൽ നമ്മൾ നിർത്തണം. അതൊക്കെ ആരുടെയോ ഔദാര്യം മാത്രമാണ്. അത് എന്നുമുണ്ടാകണമെന്നില്ല. ഭൂമി, വിദ്യാഭ്യാസം, തൊഴിൽ ഈ മൂന്ന് കാര്യങ്ങളാണ് നമ്മൾ സർക്കാരിന്റെ കൈയിൽ നിന്നും പിടിച്ചുവാങ്ങേണ്ടത്. ഇതുകിട്ടിയാൽ ഒരു കിലോ അരിക്കുവേണ്ടി ആരുടെയും മുന്നിൽ കൈനീട്ടേണ്ടി വരില്ല.

*(സെപ്തംബർ 23ന് കൽപ്പറ്റയിൽ വയനാട് ആദിവാസി കൂട്ടായ്മ സംഘടിപ്പിച്ച പ്രളയാനന്തര കൺവെൻ ഷനിൽ സംസാരിച്ചത്)* ■